# അന്തിക്രിസ്തു—Antichrist

By Y. Ezekiel

ക്രിസ്തുവിനെ ദൈവമർമ്മമായി പറഞ്ഞിരിക്കുന്നു, കൊലൊ. 2:2. എതിർവശത്തു് അന്തിക്രിസ്തു സാത്താന്യമർമ്മമാണു്. മർമ്മമെന്നതു രഹസ്യമാണല്ലൊ. മർമ്മം എന്നു ബൈബിളിൽ പറയപ്പെടുന്ന കാര്യങ്ങൾ, മുമ്പു് വെളിപ്പെടാതിരുന്നതും പിന്നത്തേതിൽ വെളിപ്പെടുത്തിത്തന്നവയുമാണു്. അങ്ങനെ ക്രിസ്തുവിനെക്കുറിച്ചും അന്തിക്രിസ്തുവിനെക്കുറിച്ചും വെളിപ്പെടുത്തി എങ്കിലും അവ മർമ്മവിഷയങ്ങളാണെന്നു കരുതി പ്രാർത്ഥനയോടുകൂടെ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണു്.

ക്രിസ്തുവിനെക്കുറിച്ചുള്ള മർമ്മം നിത്യതയിലും മർമ്മമായിരിക്കും എന്നു് മത്താ. 11:27; ലൂ. 10:22 ഇവകൊണ്ടു ഗ്രഹിക്കാം. പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല എന്നു പറയുന്ന ഈ രണ്ടു ഭാഗങ്ങളിലും പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല എന്നു പറയുന്നതു സൂക്ഷിക്കുക. ആകയാൽ പുത്രൻ ദൈവമർമ്മമായി ഇന്നും ശേഷിക്കുന്നു; നിത്യതയിലും നാം പുത്രനെക്കുറിച്ചു പഠിച്ചുകൊണ്ടിരിക്കും എന്നു സാരം. അതിന്നെതിരായ രംഗത്തു്, അന്തിക്രിസ്തു പൈശാചികമർമ്മമാണു്. അവനെക്കുറിച്ചു തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും അവൻ മർമ്മമായിത്തന്നെ പലർക്കും തോന്നുന്നു. ആകയാൽ പ്രാർത്ഥനയോടും ശ്രദ്ധിച്ചും ഇതു പഠിക്കേണ്ടതാണു്.

## പേര്

പല പേരുകൾ ഇവന്നു വേദപഠിതാക്കൾ കൊടുക്കാറുണ്ട്. പക്ഷേ, അവ പലതും പിശാചിനുള്ളവയാണ്. ഇവനും പല പേരുകൾ ഉണ്ട്. അവയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അന്തിക്രിസ്തു എന്ന പേരിനെക്കുറിച്ചാണ്. അതു ഗ്രീക്കുപദമാണ്. ക്രിസ്തു എന്നാൽ അഭിഷിക്തൻ എന്നാണർത്ഥം. അന്തിക്രിസ്തു എന്നതു് Anti–Christos, ആൻറി + ക്രിസ്റ്റോസ് എന്നീ രണ്ടു പദങ്ങൾ ചേർന്നതാണ്. Anti, ആൻറി എന്നതു് ഒരു ഗ്രീക്കു ഗതിശബ്ദമാണ്. അതിനു് എതിരായി നിൽക്കുന്ന എന്നാണ് അക്ഷരാർത്ഥം. ആശയത്തിൽ പകരമായിട്ട്, മറെറാന്നിൻെറ സ്ഥാനത്തു നിൽക്കുക എന്നെല്ലാം അർത്ഥംവരും. ക്രിസ്തു അവനാണെന്നു നടിച്ചുകൊണ്ടു്, ക്രിസ്തുവിൻെറ സ്ഥാനത്തു നിന്നുകൊണ്ടു്, ക്രിസ്തുവിന്നെതിരായി പ്രവർത്തിക്കുന്നവനാണ് അന്തിക്രിസ്തു. ഗ്രീക്കിലെ പ്രസ്തുത പേരിനെ അതേപടി മലയാളീകരിച്ചു പറയുന്നതാണ് അന്തിക്രിസ്തു എന്ന പദം.

1 യോഹ. 2:18—22; 4:3 ഇവയിൽ ആൻറി എന്നതിനെ തർജ്ജമചെയ്തു് 'എതിർക്രിസ്തു' എന്നു് എഴുതിയിരിക്കുന്നു.

"......എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേററിരിക്കയാൽ...... യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നേ എതിർക്രിസ്തു ആകുന്നു."

"യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അതു് എതിർക്രിസ്തുവിൻെറ ആത്മാവുതന്നേ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അതു് ഇപ്പോൾതന്നേ ലോകത്തിൽ ഉണ്ടു്."

## ലക്ഷണം

അന്തിക്രിസ്തുവിന്റെ ലക്ഷണംകൂടെ ഈ വേദഭാഗങ്ങളിൽ കാണുന്നു. 1) പിതാവിനെയും പുത്രനെയും നിഷേധിക്കുക. അഥവാ ദൈവികത്രിത്വം നിഷേധിക്കുക. 2) ജഡത്തിൽവെളിപ്പെട്ട നമുക്കുവേണ്ടി മരിച്ച് ഉയിർത്തവനായ യേശുവിനെ ക്രിസ്തുവല്ലഎന്നു നിഷേധിക്കുക. ഇങ്ങനെയുള്ളവരായ വിവിധ മതക്കാർ ഒന്നാംനൂറ്റാണ്ടിൽ എഴുന്നേററു. ഇന്നുവരെയും അങ്ങനെയുള്ളവർ ഉണ്ടുതാനും.

ഒന്നാംനൂററാണ്ടിൽതന്നേ അന്തിക്രിസ്തുവിനെക്കുറിച്ചുള്ള കേൾവിയും പഠിപ്പിക്കലുമുണ്ടായിരുന്നു എന്ന് 1 യോഹ. 2:18–ൽ കാണുന്നു. "എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ."

## അന്തിക്രിസ്തുവും അന്തിക്രിസ്തുക്കളും

അന്തിക്രിസ്തു ഒരുവനാണ്. അതേ ആത്മാവിനാൽ നടത്തപ്പെടുന്നവരെല്ലാവരും അന്തിക്രിസ്തുക്കളാണ്.

ക്രിസ്തു ഒരുവൻ. നമ്മുടെ കർത്താവായ യേശുക്രിസ്തുതന്നേ. അവൻ പിതാവാം ദൈവത്താൽ പരിശുദ്ധാത്മാവിനെക്കൊണ്ട് അഭിഷിക്തനാണ് (പ്രവൃ. 10:38). ആകയാൽ അവൻ സാക്ഷാൽ ക്രിസ്തു. തന്നെ രക്ഷിതാവായി വിശ്വസിച്ചംഗീകരിച്ച് തന്റെ ആത്മാവു പ്രാപിച്ചവർ എല്ലാവരും അഥവാ ദൈവത്താൽ അഭിഷേകംപ്രാപിച്ചവർ (2 കൊരി. 1:21) എല്ലാവരും ക്രിസ്തുക്കളാണ് അഥവാ അഭിഷിക്തരാണ്. സങ്കീ. 105:15–ൽ "എന്റെ അഭിഷിക്തന്മാരെ തൊടരുതു" എന്നു കാണുന്ന ഭാഗം സെപ്ററുവജിൻറ് (ഗ്രീക്ക) ഭാഷാന്തരത്തിൽ "എന്റെ ക്രിസ്തുക്കളെ തൊടരുതു" എന്നുതന്നെയാണ്.

അതുപോലെ, അവയുടെ എതിർവശത്ത് അന്തിക്രിസ്തുവും ഒരുവനാണ്; പലരില്ല. അവൻ ഇതുവരെ വെ

ളിപ്പെട്ടിട്ടില്ല. കർത്താവു മദ്ധ്യാകാശത്തിൽ വന്നു സഭയെ ചേർത്തനന്തരം വെളിപ്പെടും. അവൻെറ ആത്മാവിനാൽ അഭിഷിക്തരായി അവൻെറ ആത്മാവിനാൽ നടത്തപ്പെട്ട ന്നവരെല്ലാവരും എതിർക്രിസ്തുക്കൾ അഥവാ അന്തിക്രിസ്തുക്കൾ ആണു്. കർത്താവു് അവരെ കള്ളക്രിസ്തുക്കൾ എന്നു പറഞ്ഞു. മത്താ. 24:24:—

"കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേററു കഴിയുമെങ്കിൽ വൃതന്മാരെയും തെററിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും".

ഞാൻ ക്രിസ്തു എന്നു് അവർ പറയും (മത്താ. 24:5) എന്നും 'ഞാൻ ആകുന്നു എന്നു പറയും' (മർ. 13:6) എന്നും കർത്താവുതന്നേ നമുക്കു് അറിവു തന്നിട്ടുണ്ടു്.

ക്രിസ്തു ജഡത്തിൽ വന്നു എന്നു് അവർ സ്വീകരിക്കു കയില്ലാ എന്നു 2 യോഹ. 7—ൽ വ്യക്തമായിപ്പറയുന്നുണ്ടു്. അവൻ വഞ്ചകനും എതിർ ക്രിസ്തുവുമാണെന്നും പറയുന്നു. അങ്ങനെയുള്ളവർ വഞ്ചകന്മാരാണു്. ജനത്തെ വഞ്ചിച്ചു നാശത്തിലേക്കു കൊണ്ടുപോകുന്നവരാണു്.

## അന്തിക്രിസ്തുവും കള്ളപ്രവാചകനും തമ്മിലുള്ള ബന്ധം

എതിർക്രിസ്തുവിൻെറ ആത്മാവുള്ളവൻ കള്ളപ്രവാചകൻ എന്നു് 1 യോഹ. 4:3—ൽ കാണുന്നു. ആദ്യത്തെ മൂന്നു വാക്യങ്ങളും നോക്കുക. " .. ....ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധനചെയ്‌വിൻ... യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽനിന്നുള്ളതല്ല. അതു് എതിർക്രിസ്തുവിൻെറ ആത്മാവുതന്നേ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അതു് ഇപ്പോൾതന്നേ ലോകത്തിൽ ഉണ്ടു്".

ക്രിസ്തുവിന്റെ ആത്മാവുള്ളവൻ അവനുള്ളവൻ (റോമ. 8:9). അവൻ ദൈവത്തിന്റെ പ്രവാചകനും ആണ്. അതുപോലെ അന്തിക്രിസ്തുവിന്റെ ആത്മാവുള്ളവൻ കള്ളപ്രവാചകൻ ആണ്. ഒന്നാംനൂററാണ്ടിൽതന്നേ അന്തിക്രിസ്തു ഉണ്ടായിരുന്നു എന്നും വ്യക്തമായി ഇവിടെ പറഞ്ഞിരിക്കുന്നു.

2 തെസ്സ. 2:7—ൽ അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു് എന്നു കാണുന്നു. അധർമ്മമൂർത്തി (2 തെസ്സ. 2:3) അന്നു് ഉണ്ടായിരുന്നതുകൊണ്ടു് അന്നു് അധർമ്മത്തിന്റെ മർമ്മം വ്യാപരിച്ചുകൊണ്ടിരുന്നു. ഇനി ഒടുവിൽ അധർമ്മമൂർത്തിതന്നേ വെളിപ്പെടും (2 തെസ്സ. 2: 3,7).

ഒന്നാംനൂററാണ്ടിൽ അന്തിക്രിസ്തു ഉണ്ടായിരുന്നതുകൊണ്ടു് അന്നു് കള്ളപ്രവാചകനും ഉണ്ടായിരുന്നു. അവ രണ്ടും കള്ളപ്രവാചകന്മാരിൽകൂടെ മർമ്മമായി വ്യാപരിച്ചിരുന്നു; ഇനി സഭ എടുത്തുകൊള്ളപ്പെട്ടശേഷം അധർമ്മമൂർത്തിയായ അന്തിക്രിസ്തു വെളിപ്പെടും. അവനോടുകൂടെ കള്ളപ്രവാചകനും വെളിപ്പെടും എന്നു വെളി. 13 കൊണ്ടു വ്യക്തമാണ്. അന്തിക്രിസ്തുവിനാൽ നടത്തപ്പെടുന്നവർ അന്തിക്രിസ്തുക്കളാണ്. അതേ ആത്മാവു പ്രവചനത്തിന്നായി വ്യാപരിച്ചിട്ടു പ്രവചിക്കുന്നവർ കള്ളപ്രവാചകന്മാരുമാണ്. അങ്ങനെ ഇവർ തമ്മിലുള്ള ബന്ധവും വ്യത്യാസവും മനസ്സിലാക്കണം.

## പൈശാചികത്രിത്വം

സാത്താൻ (ലൂസിഫെർ), അന്തിക്രിസ്തു, കള്ളപ്രവാചകൻ എന്നീ മൂവരുമാണ് പൈശാചിക ത്രിത്വം. ദൈവികത്രിത്വത്തിന്നു് എതിരായി ഇവർ മൂവരും നിൽക്കുന്നു. ഒരുമിച്ചുചേർന്നു പ്രവർത്തിക്കുകയും ചെയ്യുന്നു.

ലൂസിഫെർ:—ദൈവം എന്നു നടിച്ചുകൊണ്ടു് (2 കൊരി. 4:4) ദൈവത്തിന്നെതിരെ നിൽക്കുന്നു. ആകയാൽ അവന്റെ കീഴിലുള്ള പിശാചുക്കളും ദൈവങ്ങൾ എന്നു നടിച്ചുകൊണ്ടു് ദൈവത്തിന്നെതിരെ നിൽക്കുകയും വെളിപ്പെടുകയും ചെയ്യുന്നു (1 കൊരി. 8:5).

അന്തിക്രിസ്തു:— ക്രിസ്തു എന്നു നടിച്ചുകൊണ്ടു ക്രിസ്തുവിന്നെതിരെ നിൽക്കും. വെളി. 13:6. പൊതുവെ പറഞ്ഞാൽ ദൈവത്തിന്നെതിരായി നിൽക്കും. ആകയാൽ അവന്റെ കീഴിലെ അധർമ്മശക്തികൾ ക്രിസ്തുക്കൾ എന്നു പേർ എടുത്തുകൊണ്ടു് (മത്താ. 24:5, 24; മർ. 13:6; ലൂ. 21:8) ക്രിസ്തുവിന്നു് എതിരെ നിൽക്കുന്നു. അതും ദൈവത്തിന്നെതിരായ പ്രവർത്തനംതന്നെ.

കള്ളപ്രവാചകൻ:— പരിശുദ്ധാത്മശക്തിയാണെന്നു നടിച്ചുകൊണ്ടു്, പരിശുദ്ധാത്മാവിന്നെതിരെ കള്ളപ്രവാചകനിലും കള്ളപ്രവാചകന്മാരിലും വ്യാപരിക്കും. വെളി. 16:13; 19:20; മത്താ. 24:24. കള്ളപ്രവാചകന്മാരായ ആത്മാക്കളും കള്ളപ്രവാചകന്മാരിൽകൂടെ, 1 രാജാ. 22:21, 22—ൽ പറയുന്നവിധം വ്യാപരിക്കും.

ആഹാബു മരിക്കുവാൻതക്കവണ്ണം അവനെ പ്രേരിപ്പിച്ചയയ്ക്കുവാൻ നാനൂറു പ്രവാചകന്മാരിൽകൂടെ വ്യാപരിച്ച വ്യാജത്തിന്റെ ആത്മാവു് എതുവിധത്തിൽ അതു ചെയ്തുവെന്നതു് അവിടെ വിവരിക്കുന്നുണ്ടല്ലോ. അതുപോലെ അന്തിക്രിസ്തുവാകുന്ന ആത്മാവിന്നും കള്ളപ്രവാചകനായ ആത്മാവിന്നും പ്രവർത്തിക്കുവാൻ സാധിക്കും എന്നു തെളിയുന്നു. ലോകത്തിലുള്ള സകല കള്ളപ്രവാചകന്മാരിലും ഒരേ കള്ളപ്രവാചകനു വ്യാപരിക്കുവാൻ സാധിക്കും. കള്ളപ്രവാചകന്മാരിൽ ഓരോരുത്തരിലും വ്യാപരിക്കുവാൻ ഓരോ കള്ളപ്രവാചകന്മാരായ ചെറിയ കള്ളപ്രവാ

ചകന്മാർ ഉണ്ടെന്നും വരാം. അതുപോലെ അന്തിക്രിസ്തുവായ ആത്മാവിന്നും സാധിക്കും. അന്തിക്രിസ്തുക്കളായ ചെറിയ ഭൂതങ്ങൾക്കും സാധിക്കും.

കർത്താവു പറഞ്ഞതുപോലെ സാത്താന്ന് ഒരു രാജ്യം ഉണ്ട്. അതിൽ ഛിദ്രമില്ലാതവണ്ണം ഇവർ മൂവരും യോജിച്ചു പ്രവർത്തിക്കും. മത്താ. 12:26. അതിന്റെ ലക്ഷ്യം ദൈവത്തിന്നും ദൈവികസത്യങ്ങൾക്കും ദൈവരാജ്യത്തിന്നും എതിരായി പ്രവർത്തിക്കുക എന്നുള്ളതാണ്.

# അന്തിക്രിസ്തുവിന്റെ ആഗമനം

അന്തിക്രിസ്തു എവിടെനിന്നും എഴുന്നേറ്റുവരും എന്നുള്ളതു പ്രവചനപഠിതാക്കൾക്കു ജിജ്ഞാസയുള്ള ചോദ്യമാണ്. അഭിപ്രായവ്യത്യാസമുള്ളതുമാണ്. ദാനി. 2, 7, 8, 9, 11, 12 അദ്ധ്യായങ്ങൾ, വെളി. 13, 17 അദ്ധ്യായങ്ങൾ ഇവയാണ് ഇവനെക്കുറിച്ചു നമുക്കു പഠിക്കുവാൻ തന്നിട്ടുള്ള ഭാഗങ്ങളും, അപ്പോസ്തലോപദേശത്തിൽ 2 തെസ്സ. 2:1—12; 1 യോഹ. 2:18—26; 4:1–4 ഭാഗങ്ങളുമാണ്.

## ദാനിയേൽ 2–ലെ വെളിപ്പാട്

ദാനിയേൽ 2–ാം അദ്ധ്യായം സാമ്രാജ്യബിംബത്തിന്റെ കാഴ്ചയാണ്. നെബൂഖദ്നേസർ കണ്ട സ്വപ്നവുമാണ്. B. C. 600 മുതൽ സഹസ്രാബ്ദംവരെയുള്ള ചരിത്രം അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ബിംബത്തിന്റെ അരയും തുടയും റോമാസാമ്രാജ്യത്തെ കാണിക്കുന്നു. രണ്ടു കാലുകൾക്കു തുല്യമായി A. D. 364-ൽ റോമാസാമ്രാ

ജ്യം കിഴക്കൻറോമയും പടിഞ്ഞാറൻറോമയുമായി രണ്ടായി പിരിഞ്ഞു. അങ്ങനെയെങ്കിൽ കാലിൻെറ നീളം പോലെ 1600 കൊല്ലങ്ങൾ കടന്നുപോയി. ഒടുവിൽ അതു പത്തു വിരലിൽ അവസാനിക്കും. അതുപോലെ ഒരു പത്തുരാജ്യസംഘടന ഉണ്ടാകും. അക്കാലത്താണു് അന്തിക്രിസ്തു എഴുന്നേൽക്കുവാൻപോകുന്നതു്. ദാനി. 2:42–44:--

“കാൽവിരൽ പാതി ഇരിമ്പും പാതി കളിമണ്ണുംകൊണ്ടു് ആയിരുന്നതുപോലെ രാജത്വം ഒട്ടു ബലമുള്ളതും ഒട്ടു് ഉടഞ്ഞുപോകുന്നതും ആയിരിക്കും. ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതിൻെറ താല്പര്യമോ അവർ മനുഷ്യബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരിമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുകയില്ല. ഈ രാജാക്കന്മാരുടെ കാലത്തു് സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും......”

സാമ്രാജ്യമഹാബിംബത്തിൻെറ കാൽവിരലുകളാകുന്ന പത്തു രാജാക്കന്മാരുടെ കാലത്താണു കർത്താവു വരുന്നതെന്നതു വ്യക്തം. കർത്താവു വരുമ്പോൾ ഈ പത്തു രാജാക്കന്മാരും അന്തിക്രിസ്തുവിനോടു ചേർന്നുനിൽക്കും എന്നു വെളി. 17:12–14 വരെ വാക്യങ്ങൾകൊണ്ടു മനസ്സിലാക്കാം.

“നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു് ഒന്നിച്ചു് ഒരു നാഴികനേരത്തേക്കു് രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും. ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന്നു് ഏല്പിച്ചുകൊടുക്കുന്നു. അവർ കുഞ്ഞാടിനോടു പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും.”

അങ്ങനെ പത്തു രാജാക്കന്മാരുടെ കാലത്തു് അന്തിക്രിസ്തു എഴുന്നേൽക്കുമെന്നും പതിനൊരുവരുംകൂടെ കർത്താ

വിനോട്ട ഹർമ്മഗെദ്ദോനിൽ എതിർക്കമെന്നും കർത്താവ് അവരെ തോൽപ്പിച്ച തൻെറ രാജ്യം സ്ഥാപിക്കും എന്നും സിദ്ധിക്കുന്നു.

## ദാനിയേൽ 7-ലെ വെളിപ്പാട്

ദാനിയേൽ 7-ാംഅദ്ധ്യായത്തിൽ കൂടുതൽകൂടെ വിശദീകരണം ലഭിക്കുന്നു. നെബൂഖദ്നേസർ കണ്ട നാലു രാജ്യങ്ങൾ അവിടെ നാലു മഹാമൃഗങ്ങളായി ദാനിയേലിന്നു കാണിക്കുന്നു. ഒന്നാംമൃഗം ബാബിലോൺ ആകുന്ന സിംഹത്തോടും രണ്ടാംമൃഗം മേദപാർസ്യയാകുന്ന കരടിയോടും മൂന്നാംമൃഗം യവനസാമ്രാജ്യമായ പുള്ളിപ്പുലിയോടും നാലാംമൃഗം റോമാസാമ്രാജ്യമായ ഘോരവും ഭയങ്കരവുമായ മൃഗത്തോടും സാദൃശ്യപ്പെടുത്തിക്കാണിക്കുന്നു. നാലാംമൃഗമായ റോമയിൽനിന്നാണ് അന്തിക്രിസ്തു വരേണ്ടതു് എന്നുള്ള സത്യം ഇവിടെ വെളിവാകുന്നു. ദാനി. 7:7-9 വരെ നോക്കുക:-

"......അതിന്നു പത്തു കൊമ്പ് ഉണ്ടായിരുന്നു. ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവയുടെയിടയിൽ മറെറാരു ചെറിയ കൊമ്പു മുളെച്ചുവന്നു. അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു് വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യൻെറ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു..."

ഇനി ദാനി. 7:17 മുതൽ 28-ാംവാക്യംവരെ നോക്കേണ്ടതാണ്:-

"......അതിൻെറ തലയിലുള്ള പത്തു കൊമ്പുകളെക്കുറിച്ചും മുളെച്ചുവന്നതും മൂന്നു കൊമ്പു വീഴിച്ചതും കണ്ണും വമ്പുപറയുന്ന വായും ഉള്ളതും കൂട്ടുകൊമ്പുകളെക്കാൾ കാഴ്ചെക്കു വണ്ണമേറിയതുമായ മറെറ കൊമ്പിനെക്കുറിച്ചും ഉള്ള വിവരം അറിവാൻ ഞാൻ ഇച്ഛിച്ചു. വയോധികനായവൻ വന്നു് അത്യുന്നതനായവൻെറ വിശുദ്ധന്മാൎക്കു ന്യായാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ആ കൊമ്പു വിശുദ്ധന്മാരോട്ട

യുദ്ധംചെയ്തു് അവരെ ജയിക്കുന്നതു ഞാൻ കണ്ടു. അവൻ പറഞ്ഞതോ......ഈ രാജ്യത്തുനിന്നുള്ള പത്തു കൊമ്പുകളോ എഴുന്നേല്പാനിരിക്കുന്ന പത്തു രാജാക്കന്മാർ ആകുന്നു. അവരുടെശേഷം (പിന്നാലെ) മറെറാരുത്തൻ എഴുന്നേൽക്കും. അവൻ മുമ്പിലത്തവരോടു വ്യത്യാസമുള്ളവനായി മൂന്നു രാജാക്കന്മാരെ വീഴിച്ചുകളയും. അവൻ അത്യുന്നതനായവന്നു വിരോധമായി വമ്പുപറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാററുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും. എന്നാൽ ന്യായവിസ്താരസഭ ഇരുന്നുകൊണ്ടു് അവന്റെ ആധിപത്യം എടുത്തുകളഞ്ഞു് അന്തംവരെ നശിപ്പിച്ചു മുടിക്കും......"

മൃഗത്തിന്റെ കാഴ്ചയിൽ നാലാംമൃഗത്തിന്റെ തലയിലെ പത്തു കൊമ്പുകളെ കാണുന്നു. അവരുടെശേഷം എന്നുള്ളതു് അവരുടെ പിന്നാലെ എന്നു വായിക്കണം. അവരുടെ പിന്നാലെ ഒരുവൻ എഴുന്നേൽക്കും; പത്തുപേർ എഴുന്നേററനന്തരം. അവനാണു് അന്തിക്രിസ്തു. അവൻ അവരിൽ മൂവരെ കീഴടക്കി അവർക്കു് അശേഷം സ്വാതന്ത്ര്യമില്ലാതാക്കി സാമന്തരാജ്യങ്ങളാക്കിവച്ചേക്കും; നശിപ്പിക്കുകയില്ല. അങ്ങനെ പറയുവാൻ കാരണം, വെളി. 17:16–ൽ പത്തുകൊമ്പും മൃഗവും വേശ്യയെ ദ്വേഷിക്കുമെന്നു തെളിവായും 17:12–14 വരെ നോക്കുമ്പോൾ പത്തുപേരും കുഞ്ഞാടിനോടു പോരാടും എന്നു ധ്വനിക്കുകയുംചെയ്യുന്നു. ആകയാലാണു് ആവിധം ചിന്തിക്കാവുന്നതു്.

രാജാക്കന്മാർ എന്ന പ്രയോഗവും രാജവാഴ്ച മിക്കവാറും ഇല്ലാത്ത ഇക്കാലത്തു ചോദ്യമായ്‌വരാം. രാജാക്കന്മാർ എന്നു പറഞ്ഞിട്ടു് ഉടനെതന്നെ "രാജാക്കന്മാരെപ്പോലെ" എന്നു വെളി. 17:12–ൽ പറയുന്നതു നോക്കുക. സാക്ഷാൽ രാജാക്കന്മാരല്ല; രാജത്വാധികാരമുള്ള പ്രസിഡന്റന്മാരോ പ്രധാനമന്ത്രിമാരോ ആയിരിക്കും എന്ന സൂചനയാണതു്. എങ്കിലും അവരെ നിയന്ത്രിക്കുന്ന പിശാചുക്കൾ

ദാനി. 10:13-ൽ പറയുന്നതുപോലെ രാജത്വമുള്ളവയായിരിക്കും. തന്നിമിത്തമാണ് രാജാക്കന്മാർ എന്ന പദംകൂടെ ഉപയോഗിച്ചിരിക്കുന്നത്. പക്ഷേ, മദ്ധ്യപൂർവ്വദേശത്ത് ഇന്നു രാജാക്കന്മാർ ഉണ്ടുതാനും. അവരുടെ രാജത്വവാഴ്ചയും അന്ന് അവസാനിക്കും. എങ്കിലും രാജത്വാധികാരം കാണുംതാനും എന്നു വെളി. 13: 1കൊണ്ടുഗ്രഹിക്കാം. ആദ്യം രാജത്വാധികാരം കാണുകയില്ലെന്നും പിന്നീടു പ്രാപിക്കുമെന്നും പിന്നാലെ തെളിയിക്കാം.

ഇനിയും വെളിപ്പെടുവാനുള്ള പത്തു രാജാക്കന്മാരുടെ കാലത്താണ് അന്തിക്രിസ്തു പ്രതാപത്തിലേക്കു വരേണ്ടത്. പത്തു രാജാക്കന്മാർക്കുള്ള കാലംതന്നെ ഒരു നാഴിക (ഗ്രീക്കിൽ മണിക്കൂർ) എന്നാണ്. അല്പകാലംമാത്രമാണ്. അവരുടെ വാഴ്ചക്കാലത്തിനിടയ്ക്കു കയറി ഉയരുന്നവനാണിവൻ എന്നു സിദ്ധിക്കുന്നു.

അവൻെറ കണ്ണ് അവൻെറ നോട്ടത്തിൻെറ സൂക്ഷ്മതയെ കാണിക്കുന്നു. അവൻെറ വമ്പുപറയുന്ന വായ് ദൈവദൂഷണം പറയുന്നതിനെ കാണിക്കുന്നു (വെളി. 13:5). വണ്ണമേറിയ കൊമ്പ് അവൻെറ വലിപ്പത്തെയും അവൻ തന്നെത്താൻ ഉയർത്തുന്ന ഉയർച്ചയേയും (ദാനി. 7:25; 2 തെസ്സ. 2:4) കാണിക്കുന്നു. സമയങ്ങളെയും നിയമങ്ങളെയും പാടെ മാററി പുതിയ ഒരു നിയമസംഹിതയും ഭരണഘടനയും കൊണ്ടുവരുവാൻ ശ്രമിക്കും. ക്രിസ്തബ്ദവും യഹൂദ കാലക്കണക്കുകളുമെല്ലാം പാടെ മാററുവാനും ശ്രമിക്കും. ശ്രമിക്കുമെന്നേയുള്ളൂ; നടപ്പാക്കുവാൻ കാലം ലഭിക്കുകയില്ല. അതിനുമുമ്പു നരകത്തിലേക്കു തള്ളപ്പെടും. മൂന്നരക്കൊല്ലംമാത്രമെ അവൻെറ ഈവിധ പൂർണ്ണ ആധിപത്യം യിസ്രായേലിന്മേൽ നടത്തുവാൻ അവനു സാധിക്കുകയുള്ളൂ. ദാനി. 7:25; വെളി. 13:5.

പഴയ റോമാസാമ്രാജ്യത്തിൻെറ അതിരിന്നകത്തു നി ന്നുതന്നെ അവർ എഴുന്നേൽക്കും എന്നു വിചാരിക്കാം. പ ത്തു രാജ്യങ്ങൾ വെളിപ്പെട്ടുകഴിഞ്ഞശേഷമേ അന്തിക്രിസ്തു ആധിപത്യത്തിലേയ്ക്കു വരികയുള്ളു എന്നും അവൻ മൂന്നു രാ ജാക്കന്മാരെ താഴ്ത്തിയിട്ട് എട്ടാമനായി എഴുന്നേൽക്കും (വെളി. 17:11) എന്നും വരുന്നു. പത്തിൽ മൂന്നു താഴു മ്പോൾ ഏഴ്. അവരോടുകൂടെ ഇവൻകൂടെ ചേരുമ്പോൾ എട്ടാമനാകും,

## ദാനിയേൽ 8—ലെ വെളിപ്പാട്

ഈ ചിന്തകളോടുകൂടെ ദാനി. 8—ലേയ്ക്കു തിരിയേണ്ട താണ്. അവിടെ രണ്ട് ആട്ടുകൊററന്മാരുടെ ദർശനം കാ ണുന്നു. ആ രണ്ട് ആട്ടുകൊററന്മാർ മേദപാർസ്യയും ഗ്രീ സും ആണെന്ന് അവിടെ വ്യാഖ്യാനിച്ചിരിക്കുന്നു. 8:8— 12, 20—25 നോക്കുക.

"കോലാട്ടുകൊററൻ ഏററവും വലുതായിത്തീർന്നു; എന്നാൽ അതു ബലപ്പെട്ടപ്പോൾ വലിയ കൊമ്പു തകർന്നുപോയി, അതിന്നു പകരം ആകാശത്തിലെ നാലു കാററിന്നുനേരെ ഭംഗിയുള്ള നാലു കൊമ്പു മുളെച്ചുവന്നു. അവയിൽ ഒന്നിൽനിന്ന് ഒരു ചെറിയ കൊ മ്പു പുറപ്പെട്ടു. അതു തെക്കോട്ടും വടക്കോട്ടും മനോഹരദേശത്തിന്നു നേരെയും ഏററവും വലുതായിത്തീർന്നു. അതു് ആകാശത്തിലെ സൈന്യത്തോളം വലുതായിത്തീർന്നു. സൈന്യത്തിലും നക്ഷത്ര ങ്ങളിലും ചിലതിനെ നിലത്തു തള്ളിയിട്ടു ചവിട്ടിക്കളഞ്ഞു. അ തു സൈന്യത്തിൻെറ അധിപതിയോളം തന്നെത്താൻ വലുതാക്കി, അവന്നുള്ള നിരന്തരഹോമയാഗം അപഹരിക്കയും അവൻെറ വിശു ദ്ധമന്ദിരം ഇടിച്ചുകളകയും ചെയ്തു. അതിക്രമം ഹേതുവായി നി രന്തര ഹോമയാഗത്തിന്നെതിരായി ഒരു സേവ നിയമിക്കപ്പെടും; അതു സത്യത്തെ നിലത്തു തള്ളിയിടുകയും കാര്യംനടത്തി സാധി പ്പിക്കയും ചെയ്യും".

"രണ്ടു കൊമ്പുള്ളതായി നീ കണ്ട ആട്ടുകൊററൻ പാർസ്യരാജാ ക്കന്മാരെ കുറിക്കുന്നു. പരുപരുത്ത കോലാട്ടുകൊററൻ യവനരാജാ

റും അതിൻെറ കണ്ണുകളുടെ നടുവിലുള്ള വലിയകൊമ്പ് ഒന്നാമത്തെ രാജാവും ആകുന്നു. അതു തകർന്നശേഷം അതിന്നുപകരം നാലു കൊമ്പു മുളെച്ചതോ നാലു രാജ്യം ആ ജാതിയിൽനിന്നുത്ഭവിക്കും; അതിൻെറ ശക്തിയോടെ അല്ലതാനും. എന്നാൽ അവരുടെ രാജത്വത്തിൻെറ അന്ത്യകാലത്തു് അതിക്രമക്കാരുടെ അതിക്രമം തികയുമ്പോറം, ഉഗ്രഭാവവും ഉപായബുദ്ധിയും ഉള്ളോരു രാജാവു് എഴുന്നേൽക്കും. അവൻെറ അധികാരം വലുതായിരിക്കും; സ്വന്തശക്തിയാൽ അല്ലതാനും; അവൻ അതിശയമാംവണ്ണം നാശം പ്രവർത്തിക്കയും കൃതാർത്ഥനായി അതു് അനുഷ്ഠിക്കയും പലരെയും വിശുദ്ധജനത്തെയും നശിപ്പിക്കയും ചെയ്യും. അവൻ നയബുദ്ധിയാൽ തൻെറ ഉപായം സാധിപ്പിക്കയും സ്വഹൃദയത്തിൽ വമ്പു ഭാവിച്ചു്, നിശ്ചിന്തയോടിരിക്കുന്ന പലരേയും നശിപ്പിക്കയും കർത്താധികർത്താവിനോടു് എതിർത്തുനിന്നു് കൈതൊടാതെ തകർന്നുപോകയും ചെയ്യും''.

ഇവിടെ അല്പംകൂടെ വിശദമായതും വേറൊരു വീക്ഷണവും ലഭിക്കുന്നു. യവന (ഗ്രീസ്) രാജാവിൻെറ കൊമ്പുകറംക്കിടയിൽനിന്നുള്ള വലിയകൊമ്പ് ഒന്നാമത്തെ രാജാവു് എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. രാജാവു് എന്നു പ്രവചനങ്ങളിൽ കാണുന്നതു് ഒരു രാജവംശത്തെയും ആ വംശത്തെ സഹായിക്കുന്നതായി അദൃശ്യലോകത്തിൽ പ്രവർത്തിക്കുന്ന രാജത്വപിശാചിനെയും കാണിക്കുകയാണു് (ദാനി. 10:13, 20). യവന സാമ്രാജ്യം പ്രതാപത്തിൽവന്നപ്പോഴുള്ള ഒന്നാം രാജാവു് മഹാനായ അലക്സാണ്ടർ ആയിരുന്നു. ആ കൊമ്പു് ഒടിഞ്ഞുപോയി എന്നതു് അലക്സാണ്ടറിൻെറ ആകസ്മികമരണത്തെ കാണിക്കുന്നു. പിന്നീടു് ആ തലയിൽ നാലുകൊമ്പു മുളെച്ചുവന്നതായി പറയുന്നു. അതു് അലക്സാണ്ടറുടെ നാലു ജനറൽമാരെ കാണിക്കുന്നു. നാലു സൈന്യാധിപന്മാരായി രാജ്യം നാലായി ഭാഗിച്ചെടുത്തു.

കാസാണ്ടർ (Cassander) മാസിഡോണിയ എടുത്തു, ലൈസീമാക്കസ് (Lysimachus) ത്രേസ്, പടിഞ്ഞാറെ

ബിഥുന്യാ ലോവർഫ്രുഗിയാ, മിസിയാ, ലിഡിയാ എന്നിവ എടുത്തു. സെലൂക്കസ് ഏഷ്യാമൈനറിന്റെ ബാക്കി ഭാഗവും സിറിയയും അസീറിയയും ഉൾപ്പെട്ട കിഴക്കേ ഭാഗവും എടുത്തു. പ്തോലമി ഈജിപ്റ്റ് എടുത്തു. പിൽക്കാലത്തു് ഇവ മുഴുവൻ റോമാസാമ്രാജ്യത്തിന്റെ കീഴിലായി. ഇവയിൽ സിറിയയും അസീറിയയും ഒരുമിച്ചാണു നിന്നിട്ടുള്ളതു്. ഈ നാലു വിഭാഗങ്ങളിൽ ഒന്നിൽനിന്നു ചെറിയ കൊമ്പായ അന്തിക്രിസ്തു എഴുന്നേൽക്കും എന്നുള്ള വെളിപ്പാടാണു് നമുക്കു് ഈ എട്ടാം അദ്ധ്യായത്തിൽനിന്നും ലഭിക്കുന്നതു്.

ഇവയിൽ ഏതിൽനിന്നു് അന്തിക്രിസ്തു വരണമെന്നുള്ളതു ഗ്രഹിക്കുവാൻ യെശയ്യാവിൽ മൂന്നു വാക്യഭാഗങ്ങൾ ലഭിക്കുന്നു. യെശ. 10:12; 14:16; 30:30–33 ഇവ നോക്കുക.

"അതുകൊണ്ടു് കർത്താവു സീയോൻപർവ്വതത്തിലും യെരൂശലേമിലും തന്റെ പ്രവൃത്തിയൊക്കെയും തീർത്തശേഷം ഞാൻ അശ്ശൂർ രാജാവിന്റെ അഹങ്കാരത്തിന്റെ ഫലത്തെയും അവന്റെ ഉന്നതഭാവത്തിന്റെ മഹിമയെയും സന്ദർശിക്കും".

"എന്റെ ദേശത്തുവെച്ചു ഞാൻ അശ്ശൂരിനെ തകർക്കും; എന്റെ പർവ്വതങ്ങളിൽവെച്ചു് അവനെ ചവിട്ടിക്കളയും; അങ്ങനെ അവന്റെ നുകം അവരുടെ തോളിൽനിന്നു മാറിപ്പോകും".

"യഹോവ തന്റെ മഹത്വമുള്ള മേഘനാദം കേൾപ്പിക്കയും ഉഗ്രകോപത്തോടും ജ്വലിപ്പിക്കുന്ന അഗ്നിജ്വാലയോടും കൊടുങ്കാറ്റ്, മഴക്കോൾ, കന്മഴ എന്നിവയോടുംകൂടെ തന്റെ ഭുജത്തിന്റെ അവതരണം കാണിക്കയും ചെയ്യും. യഹോവയുടെ മേഘനാദത്താൽ അശ്ശൂർ തകർന്നുപോകും; തന്റെ വടികൊണ്ടു് അവൻ അവനെ അടിക്കും. യഹോവ അവനെ വിധിദണ്ഡുകൊണ്ടു് അടിക്കുന്ന ഓരോ അടിയോടുംകൂടെ തപ്പിന്റെയും കിന്നരത്തിന്റെയും നാദം ഉണ്ടായിരിക്കും; അവൻ അവരോടു തകർത്തു പടവെട്ടും. പണ്ടുതന്നേ ഒരു ദഹനസ്ഥലം ഒരുക്കീട്ടുണ്ടല്ലോ; അതു രാജാവിന്നായിട്ടും ഒരുക്കിയിരിക്കുന്നു; അവൻ അതിനെ ആഴവും വിശാലവും ആക്കി

യിരിക്കുന്നു; അതിൻെറ ചിതയിൽ വളരെ തീയും വിറകും ഉണ്ടു്; യഹോവയുടെ ശ്വാസം ഒരു ഗന്ധകനദിപോലെ അതിനെ കത്തിക്കും".

ഇവയിൽ ആദ്യവാക്യത്തിൽ അന്തിക്രിസ്തുവിൻെറ കാലം തെളിയുന്നു. കർത്താവു യിസ്രായേലിൽ തൻെറ പ്രവൃത്തികളെ തീർത്തശേഷം എന്നുപറയുന്നു. രണ്ടാംവാക്യത്തിൽ എവിടെവെച്ചു് അവൻ നശിപ്പിക്കപ്പെടും എന്നു കാണിക്കുന്നു. പലസ്തീൻദേശത്തുവെച്ചു്, ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ അവൻ പിടിക്കപ്പെടുമല്ലൊ. അതു പലസ്തീനിൽവെച്ചുതന്നേ നടക്കും. മൂന്നാംവാക്യത്തിലെ വർണ്ണന കൃത്യമായി യോജിക്കുന്നു. പ്രവചനഭാഷ എന്ന നിലയിൽ വ്യാഖ്യാനിക്കണം എന്നുമാത്രം. അവനെ അടിക്കുന്ന അടിയോടുകൂടെ തപ്പും കിന്നരവും ഉണ്ടായിരിക്കും എന്നതു് യിസ്രയേലിന്നു് അതു് ആനന്ദം വരുത്തും എന്നു കാണിക്കുന്നു. ഒടുവിലത്തെ ഭാഗം നരകത്തീയെ കാണിക്കുന്നു. വെളി. 19:20—ൽ അവനെ ജീവനോടെ നരകത്തിൽ തള്ളുന്നതു കാണുന്നു. അതിനെ പഴയനിയമ പ്രവചനഭാഷയിൽ അവിടെ പറയുന്നുവെന്നേയുള്ളു. അങ്ങനെ അന്തിക്രിസ്തു സിറിയയിൽനിന്നും എഴുന്നേൽക്കും എന്നു സിദ്ധിക്കുന്നു.

ഇക്കാലത്തെ സിറിയയുടെ നിലപാടു് അതു ചൂണ്ടിക്കാണിക്കുന്നുമുണ്ടു്. അതു് അറബിയൂണിയനോടു സഹകരിച്ചു് യിസ്രായേലിനു് എതിരായി നിൽക്കുന്നെങ്കിലും അറബിയൂണിയനിൽ ലയിക്കുന്നില്ല. അതിൻെറ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നുവല്ലോ. അസീറിയ അഥവാ സിറിയയിൽനിന്നു് അന്തിക്രിസ്തു വരുന്നു എന്നു പറയുമ്പോൾ ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കാറുണ്ടു്. ദാനി. 9:26—ൽ "വരുവാനിരിക്കുന്ന പ്രഭുവിൻെറ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും"

എന്ന പ്രവചനം യോജിക്കുന്നില്ല എന്നുള്ളതാണ്. കാരണം, റോമൻ കൈസറായ തീത്തോസിൻെറ പടയാളികളാണ് ഏ.ഡി. 70-ൽ യെരുശലേം നശിപ്പിച്ചത്. അതിന്നു മറുപടിനോക്കാം.

## അന്തിക്രിസ്തു റോമൻപ്രഭുവും ആണ്

ഒന്നാമത്, 'പ്രഭു' എന്ന പദമാണ് ഇവിടെ വെച്ചിരിക്കുന്നത്. പ്രഭു എന്നതിന്നു ചക്രവർത്തി എന്ന ആശയമാണു പ്രവചനങ്ങളിൽ ഉള്ളത്. നമ്മുടെ കർത്താവിനെ പ്രഭു എന്നു പറയുന്നതു നോക്കുക. ദാനി. 9:25. മാത്രമല്ല, ഓരോ മഹാരാജ്യങ്ങളിലും ഭരണാധിപന്മാർക്കു പിന്നിൽ വ്യാപരിക്കുന്ന രാഷ്ട്രതന്ത്രപ്പിശാചിന്നുള്ള പേരുമാണത്. ദാനി. 10:13, 20. പാർസിപ്രഭു, യവനപ്രഭു എന്നുപറയുന്നതു നോക്കുക. അതോടുകൂടെ പാർസിരാജാക്കന്മാർ (ദാനി. 10:13) എന്നുപറയുന്നതും കുറിക്കൊള്ളുക. ദാനി. 10:5,6,12,13,14,20:-

"തല പൊക്കിനോക്കിയപ്പോൾ ശണവസ്ത്രംധരിച്ചും അരെക്കു ഊഫാസ്തങ്കംകൊണ്ടുള്ള കച്ചകെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. അവൻെറ ദേഹം ഗോമേദകംപോലെയും മുഖം മിന്നൽ പ്രകാശംപോലെയും കണ്ണു തീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിൻെറ വർണ്ണംപോലെയും അവൻെറ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിൻെറ ആരവംപോലെയും ആയിരുന്നു".

"അവൻ എന്നോടു പറഞ്ഞത്: ദാനിയേലേ ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിന്നും നിൻെറ ദൈവത്തിൻെറ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യദിവസംമുതൽ നിൻെറ വാക്കു കേട്ടിരിക്കുന്നു; നിൻെറ വാക്കുഹേതുവായിതന്നേ ഞാൻ വന്നിരിക്കുന്നു. പാർസിരാജ്യത്തിൻെറ പ്രഭു ഇരുപത്തൊന്നുദിവസം എന്നോടു എതിർത്തുനിന്നു; എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു. അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു നി

ൻെറ ജനത്തിനു ഭാവികാലത്തു സംഭവിപ്പാനുള്ളതു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു് ഇപ്പോഠം വന്നിരിക്കുന്നു''.

''......ഞാൻ നിൻെറ അടുക്കൽ വന്നിരിക്കുന്നതു് എന്തിനെന്നു നീ അറിയുന്നുവോ? ഞാൻ ഇപ്പോഠം പാർസിപ്രഭുവിനോടു യുദ്ധം ചെയ്‌വാൻ മടങ്ങിപ്പോകും. ഞാൻ പുറപ്പെട്ടശേഷമോ യവനപ്രഭു വരും''.

സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരുന്ന കർത്താവിനെ സ്വർഗ്ഗത്തിന്നും ഭൂമിക്കും മദ്ധ്യത്തിൽവെച്ചു തടഞ്ഞുനിറുത്തിയവരെക്കുറിച്ചാണു പറയുന്നതു്. അവർ പൈശാചിക ദൂതന്മാരാണു്. പാർസിരാജ്യത്തു് പ്രഭുവും രാജാക്കന്മാരും ഉണ്ടു്. അതു മഹാരാജ്യമാകയാൽ അതിലെ ഓരോ പ്രവിശ്യകളിലും ഓരോ രാജാക്കന്മാരും അവർക്കു് എല്ലാം മുകളിലായി പാർസിപ്രഭുവും വ്യാപരിച്ചിരുന്നു.

പഴയനിയമകാലത്തും സാത്താൻ തൻെറ രാജത്വാധികാരമുള്ള പിശാചുക്കളെക്കൊണ്ടു് എതിർക്കുന്നതാണു് 21 ദിവസത്തെ എതിർപ്പു്. അങ്ങനെ ക്രിസ്തുവിന്നെതിരായി നിൽക്കുന്നവൻ എന്നുവരുന്നു. ആവിധ പിശാചുക്കഠം അന്തിക്രിസ്തുവിനാൽ നടത്തപ്പെടുന്നവരെന്നും ക്രിസ്തുവിന്നെതിരായി നിൽക്കുന്നവരെന്നും തെളിയുന്നു.

ഈ സത്യത്തിൻെറ വെളിച്ചത്തിൽ റോമൻപ്രഭുവിനെക്കുറിച്ചു ചിന്തിക്കുക. യൂറോപ്പിൻെറയും ഏഷ്യയുടെയും ആഫ്രിക്കയുടെയും ഭാഗങ്ങഠം അടക്കിഭരിച്ചിരുന്ന റോമാസാമ്രാജ്യം മുഴുവൻ ഭരണംചെയ്‌തിരുന്ന ചക്രവർത്തിമാരാണു് റോമൻ കൈസർമാർ. അവരോടുകൂടെ വ്യാപരിച്ച വലിയ പൈശാചിക രാഷ്ട്രീയ നേതാവാണു് വരുവാനുള്ള പ്രഭുവായ റോമൻപ്രഭു. റോമാക്കാർ രാജ്യത്തെ പല ഭാഗങ്ങളായും പ്രോവിൻസുകളായും തിരിച്ചിരുന്നു. അവയിലെല്ലാം ലൂസിഫെർ തൻെറ ഓരോ ദൂതന്മാരെയും ആക്കിയിട്ടുണ്ടു്. അവർ അവിടത്തെ രാജത്വപിശാചു

ക്കളായ രാജാക്കന്മാരാണ്. അവരുടെമേൽ ആധിപത്യം നടത്തുന്ന ഏകനാണ് റോമൻപ്രഭു അഥവാ വരുവാനിരിക്കുന്ന പ്രഭു. അവൻ സിറിയയുടെയും പ്രഭുവാണ്. ഭാവിയിൽ അവൻ സിറിയൻ അധിപതിയോടുകൂടെ പ്രവർത്തിക്കുന്നതുനിമിത്തം വരുവാനിരിക്കുന്ന പ്രഭു അഥവാ റോമൻപ്രഭു എന്ന പേരിന്നും അർഹനാണ്.

അന്തിക്രിസ്തുവിനെക്കുറിച്ചു വെളി. 17-ലെ വിശദീകരണവും യോജിക്കണമെങ്കിൽ ഈ ചിന്ത സ്വീകരിക്കാതെ നിവൃത്തിയില്ല. വെളി. 17:8:—

"നീ കണ്ടതോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ (അഗാധകൂപത്തിൽ) നിന്നും കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു. ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ......"

താഴോട്ടുള്ള വാക്യങ്ങളും നോക്കുക. A. D. 96-നമുമ്പ് അവൻ ഭൂമിയിൽ ഉണ്ടായിരുന്നു. അപ്പോൾ (A. D. 96-ൽ) അവൻ അഗാധകൂപത്തിൽ അടയ്ക്കപ്പെട്ടിരിക്കയായിരുന്നു. അന്ത്യകാലത്തു് ഇനി അവനെ തുറന്നുവിടും. അങ്ങനെ അവൻ അഗാധകൂപത്തിൽനിന്നും കയറിവരും. വെളി:11:7-ഉം ഒത്തുനോക്കുക. അപ്പോൾ മറെറാരു ചോദ്യം ഉദിക്കാം. അന്തിക്രിസ്തു മനുഷ്യനല്ലേ? പിശാചാണോ? ചോദ്യം ന്യായമാണ്. അതിൻെറ മറുപടിയിതാണ്.

അന്തിക്രിസ്തു എന്നു നാം സാമാന്യമായിപ്പറയുന്നതു് ഇനി എഴുന്നേൽക്കുവാനുള്ള ഒരു രാഷ്ട്രീയനേതാവിനെക്കുറിച്ചാണ്. അവൻ പഴയ റോമൻസാമ്രാജ്യാതിരുകൾക്കുള്ളിൽനിന്നും അതായതു് സിറിയയിൽനിന്നും എഴുന്നേൽക്കും. അവനിൽ ഒരു സാത്താന്യമൂർത്തിയായ അന്തിക്രിസ്തുആവസിക്കും. അങ്ങനെ അവൻ അത്ഭുതവാനായി ഉയർന്നു വരും. അതുനിമിത്തം പത്തുരാജ്യങ്ങളിൽ മൂന്നി

നെ കീഴമർത്തിക്കൊണ്ടു് രംഗത്തു വെളിപ്പെടും. ലോക രാഷ്ട്രങ്ങളുടെ കണ്ണുമുഴുവൻ അവനിലേക്കു പതിയും. അവൻ പത്തു രാജാക്കന്മാരുടെ സഹായത്തോടുകൂടെ ഒരു യൂണിയൻ ഉണ്ടാക്കും. അതിന്റെ പ്രസിഡണ്ടു് അവനായിരിക്കും. ആകയാൽ ദാനി. 9:27—ലെ ഉടമ്പടി ഒപ്പുവെക്കുന്നതു് അവനായിരിക്കും എന്നതിനു സംശയമില്ല.

'അവൻ പലരോടും നിയമത്തെ കഠിനമാക്കും' എന്നതു് 'നിയമത്തെ ഉറപ്പിക്കും' എന്നാണു്. "And he shall Confirm the covenant with many". ഉറപ്പിക്കും എന്ന പദം, അവൻ എഴുന്നേൽക്കുമ്പോൾ ഒരു ഉടമ്പടി നിലവിലിരിക്കും എന്നു കാണിക്കുന്നു. ഇന്നു സാദത്തും ബഗിനും തമ്മിൽ ചെയ്യുന്ന ഉടമ്പടിയോ അതുപോലുള്ള ഒന്നോ, നിലവിലിരിക്കും. അതിനെ അന്തിക്രിസ്തു 7 കൊല്ലത്തേക്കു് ഉറപ്പിക്കുന്നതായുള്ള ഒരു കരാർ ഉണ്ടാക്കി ഒപ്പുവെക്കും. അപ്പോഴുള്ള വിശുദ്ധന്മാർക്കു് അവനെ ഈ ഒപ്പുവെക്കലാൽ ദാനി. 9:27-ന്റെ വെളിച്ചത്തിൽ തിരിച്ചറിയുവാൻ സാധിക്കും. അതുകഴിഞ്ഞു് മൂന്നരക്കൊല്ലം കഴിയുമ്പോൾ വെളി. 13:2-ൽ കാണുന്നതുപോലെ മഹാസർപ്പം തന്റെ അധികാരവും ബലവും എല്ലാം കൊടുക്കും. അങ്ങനെ അവൻ ഏറ്റവും പ്രതാപവാനും മനുഷ്യരാൽ വന്ദിതനും ആകും. തലകളിൽ ഒന്നു മുറിവേററിട്ടു സൗഖ്യം പ്രാപിക്കുന്നതും ആ രംഗമാണു് (വെളി. 13:3). അങ്ങനെ, സിറിയയിൽനിന്നും എഴുന്നേൽക്കുന്ന ഒരു രാഷ്ട്രീയനേതാവിൽ അന്തിക്രിസ്തുവായ ആത്മാവു് ആവസിക്കുകയും മൂന്നരകൊല്ലം കഴിയുമ്പോൾ സാത്താന്റെ ശക്തി മുഴുവനായി വ്യാപരിക്കുകയും ചെയ്യും. തദ്ഫലമായി ലോകശ്രദ്ധ മുഴുവൻ അവനിലേയ്ക്കു വന്നിട്ടു് അവന്നു് ആഗോളസ്വാധീനത ഉണ്ടാകും.